# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3825** **15.03.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി പരസ്യം നൽകുന്നതു സംബന്ധിച്ച നിയന്ത്രണം**

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലോട്ടറി പരസ്യം നൽകുന്നതിന് നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഇല്ല |
| (ബി) | ഇപ്പോൾ എത്ര പത്രങ്ങൾക്കാണ് പരസ്യം നൽകുന്നത്; ഓരോ പത്രത്തിനും എത്ര രൂപയുടെ പരസ്യമാണ് നൽകുന്നത്; | (ബി), (സി) & (ഡി) | 'ബി' കാറ്റഗറി ദിനപ്പത്രങ്ങളായ ജനശബ്ദം, പ്രഭാതവാർത്ത, സതേൺ സ്റ്റാർ എന്നിവയേയും, മണിവീക്കിലി ആഴ്ചപതിപ്പിനേയും, റിസൾട്ട് പരസ്യത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>'മണി വീക്കിലി' എന്ന ആഴ്ചപതിപ്പ് വകുപ്പിന്റെ ഒരാഴ്ചത്തെ റിസൾട്ട് പരസ്യം ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. സർക്കുലേഷൻ കുറവുള്ള 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും, മണി വീക്കിലിയ്ക്കും റിസൾട്ട് പരസ്യം നൽകുന്നത് വഴി വകുപ്പിന് യാതൊരു പ്രയോജനവുമില്ലെന്നും എന്നാൽ വർഷത്തിൽ എല്ലാ ദിവസവും പരസ്യം നൽകുന്നതിലൂടെ വകുപ്പിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതും കണക്കിലെടുത്ത് മണി വീക്കിലി എന്ന ആഴ്ചപതിപ്പിനും 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും റിസൾട്ട് പരസ്യം തുടർന്ന് നൽകേണ്ടതില്ലെന്ന് വകുപ്പിന്റെ പരസ്യ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചെറുകിട പത്രങ്ങളിൽ പരസ്യം നൽകുന്നതിന് നിയന്ത്രണം കൊണ്ടു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | ഈ സർക്കാർ, പരസ്യം നല്കിക്കൊണ്ടിരുന്ന പത്രങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം പത്രങ്ങൾക്കാണ് നിരോധനം ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ.**